"ഭരണഭാഷ-മാതൃഭാഷ "

## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം തിരുവനന്തപുരം.
## ( സാന്നിദ്ധ്യം: എസ്. ആനന്ദകൃഷ്ണൻ. ഐപിഎസ് )

വിഷയം: എക്സൈസ് ഭരണപരം – കാസർഗോഡ് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 08/10/2015-ലെ 7180/എഫ്1/13/ റ്റി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം.) 2020/17 നമ്പർ അന്യായത്തിലെ 19/09/2017-ലെ ഇടക്കാല ഉത്തരവ്
3. ഈ ഓഫീസിലെ 12/03/2019-ലെ EXC/1074/2016/XD3-KSGD-ാംനമ്പർ നടപടി ക്രമം.
4. കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21/02/2019 തീയ്യതിയിലെ KS1-4148/2012 നമ്പർ കത്ത്.
5. കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 19/06/2019-ലെ EDO KSD/65/2019-KS1-ാം നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/1074/16/ എക്സ്.ഡി3-KSGD തീയതി:19/10/2019**

കാസർഗോഡ് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.സിജോ.സി.കെ, ജെ.ജോസഫ്, സുധീർ.കെ.കെ, തോമസ് ദേവസി, പ്രദീപ്.വി.എസ്, കെ.പി.ഗംഗാധരൻ എന്നിവർ പരാതി സമർപ്പിക്കുകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 08/08/2019-ൽ നേരിൽ കേൾക്കുകയുണ്ടായി.

(2) കാസർഗോഡ് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ജെ.ജോസഫ്, സമർപ്പിച്ച പരാതിയിൽ 05/02/2009-ൽ പ്രിവന്റീവ് ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിച്ച ടിയാനെക്കാളും ജൂനിയർ ആയ 21.08.2009-ൽ പ്രമോഷൻ ലഭിച്ച പ്രിവന്റീവ്

ഓഫീസർമാർ തിരുവനന്തപുരം ജില്ലയിലെ 01.07.2003 മുതൽ 31.12.2008 വരെയുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ ടിയാന് അപ്രകാരം പ്രമോഷൻ തീയതിയും സീനിയോറിറ്റിയും ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

മുൻ സീനിയോരിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിരുന്നെങ്കിൽ യഥാസമയം ഉന്നയിക്കേണ്ടതായിരുന്നു. ആയത് ഈ അവസരത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചു ഉത്തരവാകുന്നു.

(3) തൃശ്ശൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.സുധീർ കെ.കെ, തോമസ് ദേവസി, പ്രദീപ്.വി.എസ്. എന്നിവർ സമർപ്പിച്ച പരാതിയിൽ, ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. 2, 3, 4–ന് നേരേ രേഖപ്പെടുത്തിയിട്ടുള്ള ഒഴിവുണ്ടായ തീയതി 01.07.2003 മുതൽ 31.12.2008 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റിലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും 01.01.2009 മുതലുള്ള സീനിയോരിറ്റി ലിസ്റ്റിൽ പരിഗണിക്കേണ്ടിയിരുന്നതും നിലവിൽ ഒന്നാമതുള്ള ശ്രീ.ജെ.ജോസഫിനെക്കാളും സീനിയറായ പ്രിവന്റീവ് ഓഫീസർമാരായ സർവ്വശ്രീ.എം.ചന്തുക്കുട്ടി നായർ, എം.ബാലൻ, കെ.കണ്ണൻ, പി.ഗോവിന്ദൻ, കെ.മുത്തുകൃഷ്ണൻ, രാഘവൻ തെക്കേടവൻ എന്നിവരെ ഒഴിവാക്കിയാണ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നും, ശ്രീ.ലക്ഷ്മണൻ കണ്ണോത്തിന്റെ റിട്ടയർമെന്റ് ഒഴിവിൽ എം.ചന്തുക്കുട്ടി നായർക്കാണ് അസൈൻമെന്റ് ലഭിക്കേണ്ടതെന്നും ആക്ഷേപം ഉന്നയിച്ചിരിക്കുന്നു.

(4) പ്രിവന്റീവ് ഓഫീസർമാരായ ശ്രീ.കെ.പി.ഗംഗാധരൻ, സി.കെ.സിജോ എന്നിവർ സമർപ്പിച്ച പരാതിയിൽ 31.12.2008 വരെ പ്രസിദ്ധീകരിച്ചിട്ടുള്ള പരാമർശിത സീനിയോരിറ്റി ലിസ്റ്റിൽ കേഡർ സ്ട്രെങ്ത് പാലിച്ചിട്ടുള്ളതാണെന്നും, 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോറിറ്റി കാലയളവിൽ 8 റിട്ടയർമെന്റും ഒരു

പോസ്റ്റ് ക്രിയേഷനും ഉൾപ്പെടെ 9 ഒഴിവുകളും 2 നേരിട്ടു നിയമനം ലഭിച്ച പ്രവന്റീവ് ഓഫിസർമാരും ചേർത്ത് 11 പേർക്ക് മാത്രമേ അസൈൻമെന്റ് നൽകാനാവൂ എന്നും ടിയാൻമാർ ഉന്നയിച്ചിരിക്കുന്നു.

(5) ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, പരാമർശം (3)–ലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 2,3,4 എന്നീ പേരുകൾക്ക് നേരേയുള്ള ഒഴിവുണ്ടായ തീയതി മുൻ സീനിയോറിറ്റിലിസ്റ്റിൽ നൽകിയിട്ടുള്ളതാണ് എന്ന് കാണുന്നു. ആയത് ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. 31.03.2011–ലെ ശ്രീ.തമ്പാൻ കൊക്കോടൻ വിരമിച്ച ഒഴിവും 15.06.2010–ലെ പോസ്റ്റ് ക്രീയേഷൻ ഒഴിവും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയത് അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.1 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.ജെ.ജോസഫിനെക്കാളും സീനിയറും, സർവ്വീസിൽ നിന്നും വിരമിച്ചവരുമായ പ്രിവന്റീവ് ഓഫീസർമാരായ സർവ്വശ്രീ.എം.ചന്തുക്കുട്ടി നായർ, എം.ബാലൻ, കെ.കണ്ണൻ, പി.ഗോവിന്ദൻ, കെ.മുത്തുകൃഷ്ണൻ, രാഘവൻ തെക്കേടവൻ എന്നിവരെ ഒഴിവാക്കിയാണ് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അന്തിമ ലിസ്റ്റിൽ ടിയന്മാരെയും ഉൾപ്പെടുത്തുന്നു. ഹിയറിംഗ് വേളയിൽ പരാതിക്കാരുടെ ആവശ്യങ്ങളും ആക്ഷേപങ്ങളും പരിഗണിച്ച് ആവശ്യമായ ഭേദഗതിയോടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശിച്ചതിൻ പ്രകാരം പരാമർശം (5) പ്രകാരം കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പുതുക്കിയ ലിസ്റ്റ് സമർപ്പിക്കുകയുണ്ടായി.

(6) ഈ സാഹചര്യത്തിൽ മേൽ ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയും ബഹമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്)മാരായ ശ്രീ.എസ്.രാധാകൃഷ്ണൻ, ശ്രീ.പ്രസാദ് മാത്യൂ എന്നിവർ ഫയൽ ചെയ്തിട്ടുള്ള

ഒ.എ(ഇ.കെ.എം.) 2020/2017 നമ്പർ അന്യായം ഉൾപ്പെടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ /അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും കാസർഗോഡ് ഡിവിഷനിലെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

*ഒപ്പ്/-*
***എക്സൈസ് കമ്മീഷണർ***

ഗ്രാഹകൻ

വ്യക്തികൾക്ക്

<u>പകർപ്പ്</u>

1. അഡീ.എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. ഉത്തരവ് ഫയൽ /കരുതൽ ഫയൽ.

*അംഗീകാരത്തോടെ,*

*സൂപ്രണ്ട്*

*ജെ.എം*

Appended to Order No. EXC/1074/2016-XD3-KSGD dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## KASARGOD DIVISION

**Cadre Strength as on 01/01/2009 : 48**

**Cadre Strength as on 19/08/2011 : 49**

| Sl. No. | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | M. Chandukutty Nair | SSLC | 05-04-1962 | 12-02-1993 | PO Test | Dec 2001 | 01-02-2009 | 01-02-2009 | Retirement of Lakshmanan Kannoth | 10-07-2008 |
| 2 | Gangadharan K.P. | SSLC | 31-05-1980 | 22-09-2010 | MOP, Ex.Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 3 | M. Balan | SSLC | 15-05-1962 | 20-02-1993 | PO Test | Jul 1997 | 01-04-2010 | 01-04-2010 | Retirement of Narayanan K.V. | 25-07-2008 |
| 4 | K. Kannan | SSLC | 10-07-1957 | 30-09-1986 | PO Test, MOP | Jun 1992 | 01-04-2010 | 01-04-2010 | Retirement of Premarajan P. | 06-12-2008 |
| 5 | P. Govindan | BA | 03-07-1962 | 25-01-1992 | PO Test, MOP | Dec 1997 | 01-04-2010 | 01-04-2010 | Retirement of Prabhakaran M. | 03-01-2009 |
| 6 | K. Muthukrishnan | PDC | 15-04-1961 | 03-03-1988 | PO Test, MOP | Dec 1997 | 15-06-2010 | 15-06-2010 | Creation of Post as per GO(Ms)No.149/2010/TD dated 15/06/2010 | 03-01-2009 |
| 7 | Babuprasad K.B. | BA | 22-03-1986 | 20-06-2011 | MOP, Ex.Test | 29-03-2011 | 29-03-2011 | 29-03-2011 | Direct Recruitment | 20-06-2011 |
| 8 | Raghavan Thekkedavan | JTSSLC | 03-02-1959 | 18-05-1991 | PO Test | | 01-04-2011 | 01-04-2011 | Retirement of Surendran T. | 03-03-2009 |
| 9 | J. Joseph | BA | 03-02-1975 | 29-04-1998 | PO Test, Ex.Test A/c Test, MOP | Jun 2000 | 01-04-2011 | 01-04-2011 | Retirement of Krishnan O.V. | 04-02-2009 |
| 10 | K.V. Sunishmon | PDC | 21-07-1976 | 17-06-1998 | PO Test, MOP Ex.Test | Jun 2005 | 01-04-2011 | 01-04-2011 | Retirement of Radhakrishnan K.P. | 22-08-2009 |
| 11 | T. Raghavan | PDC | 28-05-1957 | 18-05-1994 | PO Test | Dec 1995 | 01-04-2011 | 01-04-2011 | Retirement of Thamban Kokkodan | 22-08-2009 |

***Sd/-***

**Excise Commissioner**